LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഹരിതകേരളം, ഹരിതശ്രീ, കുട്ടനാട് പാക്കേജ്, തണ്ണീർത്തട സംരക്ഷണ പദ്ധതി എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലുൾപ്പെടുത്തി വിദ്യാർത്ഥികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, മതസ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റുഡന്റ് സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, റെയിൽവേ, നേവി, ആർമി, യുവജന-രാഷ്ട്രീയ സംഘടനകൾ എന്നിവർ മുഖേന നട്ടുപിടിപ്പിക്കുന്നതിലേക്കായി ഏകദേശം 75-ാളം ഇനത്തിൽപ്പെട്ട വൃക്ഷത്തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്തുവരുന്നു. ഇതിൽ ആഞ്ഞിലി, അമ്പഴം, ബദാം, കൂവളം, കുടംപുളി, കുളമാവ്, മരോട്ടി, മാതളം, മാവ്, പ്ലാവ്, മുരിങ്ങ, നെല്ലി, ഞാവൽ, പപ്പായ, പേര, പുളി, പുന്ന, റംബൂട്ടാൻ, സീതപ്പഴം, താന്നി, വേപ്പ്, വുഡ് ആപ്പിൾ എന്നീ ഫലവൃക്ഷത്തൈകളും ഉൾപ്പെടുന്നുണ്ട്.

കാലപ്പഴക്കംചെന്ന വഴിയോര മരങ്ങൾ മുറിച്ച് പുതിയ വൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി

203 (7766) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരങ്ങളിൽ നിൽക്കുന്ന കാലപ്പഴക്കംചെന്ന മരങ്ങൾ വീണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേർക്ക് അപകടം/പരിക്കുകൾ സംഭവിച്ചിട്ടുണ്ട് എന്നറിയാമോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) കാലപ്പഴക്കംചെന്ന വഴിയോരമരങ്ങൾ യഥാസമയം മുറിച്ച് മാറ്റാത്തത് കാരണം ആൾനാശം കൂടാതെ വാഹനനാശം മുതലായ മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപകടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) കാലപ്പഴക്കംചെന്ന വഴിയോരമരങ്ങൾ മുറിച്ചുമാറ്റി പുതിയ വൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വഴിയോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലും നിയന്ത്രണത്തിലുമാണ്. അതുകൊണ്ടുതന്നെ കാലപ്പഴക്കം ചെന്നതും ജീവനും

സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ വഴിയോരമരങ്ങൾ മുറിച്ച് മാറ്റുവാൻ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. ബന്ധപ്പെട്ട അധികൃതർ നൽകുന്ന അപേക്ഷ പരിഗണിച്ചും നിലവിലുള്ള സർക്കാർ ഉത്തരവ് ജി.ഒ.(ആർ‌ടി.) 68/2010/വനം വന്യജീവി വകുപ്പ്, തീയതി 10-2-2010 പ്രകാരം രൂപീകരിച്ചിട്ടുള്ള ജനപ്രതിനിധികൾകൂടി ഉൾപ്പെട്ട കമ്മിറ്റിയുടെ പരിശോധനയിലും യുക്തമായ മരങ്ങൾ മുറിക്കുവാനുള്ള അനുമതി നൽകുന്ന നടപടി മാത്രമേ നിലവിൽ വനം വകുപ്പ് ചെയ്തുവരുന്നുള്ളൂ. ഇപ്രകാരം മരം മുറിയ്ക്കുവാൻ അനുമതി നൽകുമ്പോൾ പകരം പത്തിരട്ടി മരങ്ങൾ സ്ഥലത്തോ പരിസരത്തോ നട്ടുപിടിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യാറുമുണ്ട്.

നെല്ലിയാമ്പതിയിലെ പാട്ടഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണം

204 (7767) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ പാട്ടഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണം നടക്കുന്നതായി വനം വകുപ്പിന് അറിയാമോ ;

(ബി) സി.ബി.ഐ. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും രജിസ്റ്റർ ചെയ്ത കേസിലെ പ്രതികൾ ആരെല്ലാമാണ് എന്നും അറിയാമോ ; ആവശ്യമായ ഫയലുകൾ വനം വകുപ്പ് സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ടോ ;

(സി) അന്വേഷണത്തിന്റെ ഭാഗമായി സി.ബി.ഐ. വകുപ്പിനോട് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായിട്ടുണ്ട് ; അവയെല്ലാം നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) പാട്ടഭൂമി ക്രമക്കേടുമായി ബന്ധപ്പെട്ട് 4 കേസ്സുകൾ സി.ബി.ഐ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ എസ്റ്റേറ്റ് കൈവശക്കാർ, ബാങ്ക് അധികൃതർ, റവന്യൂ അധികൃതർ, രജിസ്ട്രേഷൻ അധികൃതർ എന്നിവർ പ്രതികളാണ്. കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ. ആവശ്യപ്പെട്ട ഫയലുകൾ കൈമാറിയിട്ടുണ്ട്.

(സി) പാട്ടഭൂമി ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായി സി.ബി.ഐ. വനം വകുപ്പിനോട് ആവശ്യപ്പെട്ട എസ്റ്റേറ്റ് സംബന്ധമായ വിവരങ്ങളും രേഖകളും കൂടാതെ കേസന്വേഷണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly